"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. മനോജ് ഒ. യ്ക്ക് എതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**106/2026/LSGD** തീയതി,തിരുവനന്തപുരം, **14-01-2026**

---

പരാമർശം:-
1. സർക്കാരിന്റെ **20/07/2021**-ലെ **155**/ഇപിബി**3/2021**/തസ്വഭവ നം.കത്ത്

   തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ
2. **14/06/2024** തീയതിയിലെ **LSGD/PD/4351/2023-VIGD4** നമ്പർ ഉത്തരവ്.
3. ശ്രീ. മനോജ് ഒ. **21/06/2024** തീയതിയായി സമർപ്പിച്ച അപ്പീൽ അപേക്ഷ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **22/10/2024** തീയതിയിലെ **LSGD/PD/4351/2023-VIGD4** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചീഫ് ടൗൺ പ്ലാനറുടെ ശിപാർശാനുസരണം, കോഴിക്കോട് പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ മേഞ്ഞാണ്യം വില്ലേജിൽ കെട്ടിട നിർമ്മാണ അപേക്ഷ സൂക്ഷ്മമായി വിലയിരുത്താതെ തെറ്റായി അനുമതി നൽകിയ സെക്രട്ടറി ശ്രീ. ഒ. മനോജിനെതിരെ, ഉചിതമായ നടപടി സ്വീകരിക്കുവാൻ പരാമർശം(1) പ്രകാരം സർക്കാർ പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. മേൽ ഗ്രാമപഞ്ചായത്തിലെ പേരാമ്പ്ര ചേനോളി റോഡിന് സമീപം കോമള ഭവൻ എന്ന പേരിലുള്ള പഴയ രണ്ടുനില കെട്ടിടം പൊളിച്ചുനീക്കി യാതൊരു മാനദണ്ഡവും പാലിക്കാതെ മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിന് തെറ്റായി അനുമതി നൽകിയെന്ന വിഷയത്തിൽ സെക്രട്ടറി ശ്രീ. മനോജ് ഒ.- ക്കെതിരെ **1960** ലെ കേരള സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** അനുസരിച്ച് കുറ്റാരോപണ മെമ്മോ നൽകി ആരംഭിച്ച അച്ചടക്കനടപടി **1960** ലെ കേരള സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **11 (1) (iii)** പ്രകാരം ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത

ഫലത്തോടെയല്ലാതെ തടഞ്ഞ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. മനോജ് ഒ. പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ പറയുന്ന വാദഗതികളാണ് ഉന്നയിച്ചിട്ടുള്ളത്.

*പേരാമ്പ്ര ഗ്രാമ പഞ്ചായത്തിൽ പേരാമ്പ്ര ചേനോളി റോഡിനു സമീപം കോമള ഭവൻ എന്ന പേരിലുള്ള പഴയ രണ്ടു നില കെട്ടിടം പൊളിച്ചു നീക്കി യാതൊരു മാനദണ്ഡവും പാലിക്കാതെ മൂന്നു നില കെട്ടിടം നിർമ്മിക്കുന്നതിന് തെറ്റായി അനുമതി നൽകി എന്നതിന് തന്റെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള ബോധപൂർവ്വമായ വീഴ്ചയുണ്ടായതായി പരാമർശിച്ചിട്ടില്ല എന്നും* പഴയ കെട്ടിടം പൊളിച്ചു മാറ്റി ഉടമസ്ഥൻ പുതിയ കെട്ടിടം പണിയുന്നത് യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വന്നതായി മാത്രമാണ് കോഴിക്കോട് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിലെ ഏക പരാമർശമെന്നും, പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ പ്ലാനിലും, അപേക്ഷയിലും അതോടൊപ്പമുള്ള രേഖകളിലും പ്രാഥമിക പരിശോധന നടത്തുക മാത്രമാണ് സെക്രട്ടറിമാർ ചെയ്തു വരുന്നതെന്നും, സാങ്കേതിക വിഭാഗം ജീവനക്കാരുടെ സമഗ്ര റിപ്പോർട്ടിന്റെയും ശിപാർശയുടേയും അടിസ്ഥാനത്തിൽ മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ മേൽക്കൂര മാറ്റുന്നതിനും ഷട്ടർ ഘടിപ്പിക്കുന്നതിനും 2011-ലെ കെട്ടിട നിർമ്മാണ ചട്ടം 97(എ) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണെന്നും, സാങ്കേതിക പരിശോധനാ വിഭാഗം ഒരു ഘട്ടത്തിലും പരാമർശ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല എന്നും, പരാതി വിഷയത്തിൽ കുറ്റാരോപിതരായ, സ്ഥല പരിശോധന നടത്തി അനുമതിക്കായി ശിപാർശ ചെയ്ത സാങ്കേതിക വിഭാഗം ജീവനക്കാരെ കുറ്റവിമുക്തരാക്കി സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചത് സത്യസന്ധമായും ആത്മാർത്ഥമായും ജോലിചെയ്തുവരുന്ന ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ദു:ഖകരമാണെന്നും ആയതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടികൾ പുനപരിശോധിക്കണമെന്നുമാണ് അപ്പീലിൽ അപേക്ഷിച്ചിട്ടുള്ളത്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(4)-ലെ റിപ്പോർട്ടിൽ, ടിയാനെതിരെ KCS (CC&A) ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായി നല്കിയ കുറ്റാരോപണമെമ്മോയ്ക്ക് ടിയാൻ നൽകിയ എതിർവാദ പത്രികയിന്മേലുള്ള കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 97എ പ്രകാരം അനുമതി നൽകിയപ്പോൾ പ്രസ്തുത ചട്ടത്തിലെ (2) മുതൽ (10) വരെയുള്ള ഉപചട്ടങ്ങൾക്ക് വിധേയമായാണോ എന്ന് പരിശോധിച്ചതായി കാണുന്നില്ല എന്ന് അറിയിച്ചിരുന്നു. മേൽ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തിയതിൽ, ടിയാന്റെ പ്രവൃത്തി മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലായെന്നും, സെക്രട്ടറി എന്ന

നിലയിൽ ഫീൽഡ് പരിശോധന അപ്രായോഗികമാണെന്നും, ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ലെന്നും, അന്വേഷണ ഉദ്യോഗസ്ഥനായ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിൽ സാങ്കേതിക പരിശോധന നടത്തുന്നതിനായി ഇന്റേണൽ വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.ടി പരിശോധനയിൽ, **2011** ലെ **KPBR** പ്രകാരമുള്ള നിബന്ധനകൾ പാലിച്ചു കൊണ്ട് പെർമിറ്റ് നൽകിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് കാര്യമായ വീഴ്ച വന്നിട്ടില്ലെന്നും എന്നാൽ പെർമിറ്റിന് വിരുദ്ധമായി പഴയ കെട്ടിടം പൊളിച്ച് മാറ്റി ഉടമസ്ഥൻ പുതിയ കെട്ടിടം പണിയുന്നത് യഥാസമയം കണ്ടെത്തി തടയുന്നതിലും, നടപടി സ്വീകരിക്കുന്നതിലും സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് വീഴ്ച്ച വന്നതായി സാങ്കേതിക പരിശോധനാ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതും ആയതിന് ടിയാൻ നൽകിയിട്ടുള്ള മറുപടിയിൽ ടി തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിനുള്ള യാതൊരു വാദവും സമർപ്പിച്ചിരുന്നില്ല എന്നും ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ച വന്നതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്, പരാമർശം**(2)** പ്രകാരം ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട്, ലഘുശിക്ഷ നൽകി അവസാനിപ്പിച്ചിട്ടുള്ളത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ടിൽ അറിയിക്കുകയുണ്ടായി.

**3.** അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാനെ സർക്കാർ തലത്തിൽ നേരിൽ കേൾക്കുകയുണ്ടായി. പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പേരാമ്പ്ര ചേനോളി റോഡിന് സമീപം കോമള ഭവൻ എന്ന പേരിലുള്ള കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് **KPBR** ചട്ടങ്ങൾ **27** (കെട്ടിടത്തിന്റെ ഉയരം), **28** (റോഡിൽ നിന്നുള്ള അകലം), **35** (കെട്ടിടത്തിന്റെ വ്യാപ്തി), **38** (പാർക്കിംഗ്), **58 (16)** (ശുചീകരണ സ്ഥലം), **97** എ, **97** സി (ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള കെട്ടിടത്തിന്റെ കൂട്ടി ചേർക്കലുകൾ), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ **220** (ബി) (റോഡിനോട് ചേർന്നുള്ള ഭൂമിയിലെ നിർമ്മാണം) എന്നീ ചട്ടങ്ങൾ ലംഘിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. എന്നാൽ പരിശോധനാ റിപ്പോർട്ട് സമർപ്പിച്ച സാങ്കേതിക വിഭാഗം ജീവനക്കാരെ കുറ്റാരോപണത്തിൽ നിന്ന് ഒഴിവാക്കുകയും ടിയാളുകളുടെ സാങ്കേതിക പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകിയ സെക്രട്ടറിയ്ക്കെതിരെ മാത്രം ടിയാന്റെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയത് നീതിനിഷേധമാണ് എന്ന ടിയാളുടെ വാദം അംഗീകരിക്കാവുന്നതാണ് എന്ന് ഹിയറിംഗ് ഉദ്യോഗസ്ഥ അഭിപ്രായപ്പെട്ടിരുന്നു.

4. ഈ വിഷയവുമായി ബന്ധപ്പെട്ട് സാങ്കേതിക വിഭാഗം ജീവനക്കാരിൽ കുറ്റാരോപിതനായ ശ്രീ.ബെന്നി തോമസ് (അസി.എഞ്ചിനിയർ) ശ്രീമതി.സൗദ കെ.സി (അസി.എഞ്ചിനിയർ), എന്നിവർ ക്കെതിരെയുള്ള അച്ചടക്ക നടപടി, കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം, ടിയാളുകളെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കികൊണ്ടും ശ്രീ. വിനോദൻ, ഓവർസീയർക്ക് താക്കീത് നൽകിക്കൊണ്ടും ചീഫ് എൻജിനീയർ തീർപ്പാക്കിയിരുന്നു. കെട്ടിട ഉടമ തന്റെ സ്ഥലം റോഡിന് സൗജന്യമായി വിട്ടു നൽകിയതിൻ പ്രകാരം അക്കാലത്തെ ഭരണസമിതിയെടുത്ത പ്രത്യേക തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഓവർസീയറായ ശ്രീ. സതീശൻ ഇ.എൻ പെർമിറ്റ് നൽകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ശിപാർശ ചെയ്തതെന്നും ആയത് പ്രകാരം സെക്രട്ടറി പെർമിറ്റ് നൽകിയതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസ് മുഖേന ലഭിച്ച ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കെട്ടിട നിർമ്മാണ പെർമിറ്റിന് ശിപാർശ ചെയ്ത ശ്രീ. സതീശൻ ഇ.എൻ, ഓവർസിയർ (റിട്ട.) - ന്റെ നടപടിമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലായെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ അവസാനിപ്പിച്ചിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ ഒ. മനോജിന്റെ പ്രവൃത്തി മൂലം സർക്കാരിന് സാമ്പത്തിക നഷ്ടും സംഭവിച്ചിട്ടില്ലായെന്നും, സെക്രട്ടറി എന്ന നിലയിൽ ഫിൽഡ് പരിശോധന അപ്രായോഗികമാണെന്നും, ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ലെന്നുമുള്ള വസ്തുതകൾ പരിഗണിച്ചും, പരിശോധനാ റിപ്പോർട്ട് സമർപ്പിച്ച സാങ്കേതിക വിഭാഗം ജീവനക്കാരെ കുറ്റാരോപണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാലും, എന്നാൽ ടിയാളുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകിയ സെക്രട്ടറിയ്ക്കെതിരെ, ടിയാന്റെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് അച്ചടക്കനടപടി തീർപ്പാക്കിയ നടപടി ഉചിതമാണെന്ന് കാണുന്നില്ല. ആയതിനാൽ പരിശോധനാ വിഭാഗം സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നും സൂക്ഷ്മത കുറവുണ്ടായതായി കണ്ട് പ്രസ്തുത വീഴ്ചയ്ക്ക്, ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തി ശ്രീ. മനോജ് ഒ. യ്ക്ക് "സെൻഷ്വർ" നൽകി അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജോൺ വി സാമുവൽ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

1. ശ്രീ. മനോജ് ഒ., മുൻ സെക്രട്ടറി, പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന)*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/155/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 14-01-2026 11:29:55**
സെക്ഷൻ ഓഫീസർ